**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1720** **08-02-2023 - ൽ മറുപടിയ്ക്ക്**

**പരപ്പയിൽ സർക്കാർ പോളിടെക്നിക് കോളേജ് അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പരപ്പയിൽ സർക്കാർ പോളിടെക്നിക് കോളേജ് അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | സാങ്കതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കാസർഗോഡ് ജില്ലയിലെ പരപ്പയിൽ സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. കാസർഗോഡ് ജില്ലയിലെ കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന പരപ്പ വില്ലേജിലെ പുളിയം കുളത്ത് പുതിയ പോളിടെക്നിക്ക് കോളേജ് സ്ഥാപിക്കാനനുയോജ്യമായി 69/01 സർവ്വേ നമ്പറിൽ 3 ¼ ഏക്കർ സർക്കാർ അധീനതയിൽ പൊതു ഉപയോഗത്തിന് ആവശ്യമായ ഭൂമിയും കൂടാതെ ഒരു ഏക്കർ മിച്ച ഭൂമിയും ലഭ്യമാണോ എന്ന വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. |
| (ബി) | മലയോരമേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സാഹചര്യങ്ങൾ കുറവാണെന്നത് പരിഗണിച്ച് പരപ്പ പോളിടെക്നിക് കോളേജ് എത്രയും വേഗം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഭൂമി ലഭ്യതയ്ക്കനുസരിച്ച് പ്രൊപ്പോസൽ പരിശോധിച്ച് തുടർ നടപടികൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ